**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**


**തീയതി 29.06.2024**

# "പട്ടിക ജാതി വിദ്യാഭ്യാസ ഫണ്ട് തട്ടിപ്പ്: മൂന്നുപേരെ കഠിന തടവിന് ശിക്ഷിച്ചു."

പട്ടിക ജാതി വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം വെട്ടിച്ചതിന് ചവറ ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസറായിരുന്ന കെ.ജി. സ്റ്റെഫീനയും, കൊല്ലം ജില്ലാ പട്ടിക ജാതി വികസന ഓഫീസിലെ ക്ലാർക്കായിരുന്ന എം. സതീഷ് കുമാറും, ഇടപ്പള്ളിക്കോട്ട സ്വകാര്യ പാരലൽ കോളേജ് പ്രിൻസിപ്പാളായിരുന്ന നാസറുദ്ദീനും കുറ്റക്കാരാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തി കഠിന തടവിന് ശിക്ഷിച്ചു.

2003-2004 കാലഘട്ടത്തിൽ പട്ടിക ജാതി വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനായി 35 വിദ്യാർത്ഥികളുടെ വ്യാജ രേഖകൾ ചമച്ച് കൊല്ലം ജില്ലയിലെ ഇടപ്പള്ളിക്കോട്ടയിൽ പ്രവർത്തിക്കുന്ന പാരലൽ കോളേജ് പ്രിൻസിപ്പാളായിരുന്ന നാസറുദീൻ 2003 ഡിസംബറിൽ വിദ്യാഭ്യാസ ഫണ്ടിനായി ചവറ ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസിൽ അപേക്ഷ നൽകുകയും ചവറ ബ്ലോക്ക് പട്ടിക ജാതി ഓഫീസറായിരുന്ന സ്റ്റെഫീന ആയവ ഫണ്ടിനായി കൊല്ലം ജില്ലാ പട്ടിക ജാതി വികസന ഓഫീസിൽ അയച്ചു കൊടുക്കുകയും കൊല്ലം ജില്ലാ പട്ടിക ജാതി വികസന ഓഫീസിലെ ക്ലാർക്കായിരുന്ന എം. സതീഷ് കുമാർ ആയത് പാസ്സാക്കി നൽകാൻ ശുപാർശ ചെയ്തു. ഇപ്രകാരം പാരലൽ കോളേജിൽ പഠിച്ചിട്ടില്ലാത്ത വിദ്യാർഥികൾ അവിടെ പഠിക്കുന്നതായി രേഖകളും, ഹാജർ ബുക്കുകളും, ഒപ്പം തയ്യാറാക്കി പട്ടിക ജാതി വിദ്യർഥികളുടെ ട്യൂഷൻ ഫീസായ 1,55,515/-രൂപ വെട്ടിച്ചതിലേക്ക് രജിസ്റ്റർ ചെയ്ത കേസ്സിലാണ് ഒന്നാം പ്രതിയായ കെ.ജി. സ്റ്റെഫീനയെ വിവിധ വകുപ്പുകളിലായി അഞ്ച് വർഷം തടവിനും 60,000/- രൂപ പിഴ ഒടുക്കുന്നതിനും രണ്ടാം പ്രതിയായ എം. സതീഷ് കുമാറിനെ രണ്ട് വർഷം കഠിന തടവിനും 50,000/- രൂപ പിഴ ഒടുക്കുന്നതിനും, മൂന്നാം പ്രതിയും പാരലൽ കോളേജ് പ്രിൻസിപ്പാളുമായിരുന്ന നാസറുദ്ദീനെ വിവിധ വകുപ്പുകളിലായി പതിനൊന്ന് വർഷം കഠിന തടവിനും 1,60,000/- രൂപ പിഴ ഒടുക്കുന്നതിനും തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് (29/06/2024) ശിക്ഷിച്ചത്.

കൊല്ലം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. സി.ജി ജയശാന്തിലാൽ റാം രജിസ്റ്റർ ചെയ്ത് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. റെക്സ് ബോബി അർവിൻ, ഇൻസ്‌പെക്ടർമാരായിരുന്ന ശ്രീ. എസ്. അമ്മിണിക്കുട്ടൻ, ശ്രീ. ഷൈനുതോമസ്, ശ്രീ. വി.സി. ഉണ്ണികൃഷ്ണൻ എന്നിവർ അന്വേഷണം നടത്തി മുൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും നിലവിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ടുമായ ശ്രീ. ജയശങ്കർ. ആർ ഐ.പി.എസ് കുറ്റപത്രം സമർപ്പിച്ച കേസ്സിലാണിത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രഞ്ജിത്ത് കുമാർ എൽ.ആർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ. വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.